LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂരിലെ ഇ. കെ. നായനാർ സ്മാരക ഗവൺമെന്റ് പോളിടെക്നിക് കോളേജിന് കെട്ടിടം നിർമ്മിക്കുവാനുള്ള നടപടി

116 (3870) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂരിലെ ഇ. കെ. നായനാർ സ്മാരക ഗവൺമെന്റ് പോളിടെക്നിക് കോളേജിന് കെട്ടിടം നിർമ്മിക്കുവാൻ ഐ.എച്ച്.ആർ.ഡി. പൊതുമരാമത്ത് വകുപ്പിന് പണം നൽകിയിട്ടുണ്ടോ ;

(ബി) എപ്പോഴാണ് ഐ.എച്ച്.ആർ.ഡി. പണം നൽകിയതെന്നും, എത്ര രൂപയാണ് നൽകിയതെന്നും വെളിപ്പെടുത്തുമോ ;

(സി) പൊതുമരാമത്ത് വകുപ്പ് അന്യായമായി പ്രസ്തുത പ്രവൃത്തി വെച്ചു താമസിപ്പിക്കുന്നതായുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എന്തുകൊണ്ടാണ് ഈ പ്രവൃത്തി ആരംഭിക്കാതിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) പ്രസ്തുത പ്രവൃത്തി അടിയന്തിരമായി ആരംഭിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 30-3-2009-ന് പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തലശ്ശേരിക്ക് 25 ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഈ പ്രവൃത്തി ആരംഭിക്കാതിരിക്കുന്നതിനുള്ള കാരണം പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടില്ല.

(ഇ) കെട്ടിട നിർമ്മാണം ഉടൻതന്നെ ആരംഭിക്കണമെന്ന് പൊതുമരാമത്ത്. വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ ജീവനക്കാരുടെ സർവീസ് റൂൾ

117 (3871) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ ജീവനക്കാരുടെ സർവീസ് റൂൾ സംബന്ധിച്ച് 29-8-2005-ലെ G.O. (MS) നമ്പർ 132/2005 ഉന്നതവിദ്യാഭ്യാസം ഇപ്പോൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ എന്നു മുതൽ പുതിയത് നിലവിൽ വന്നു ;